# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.145 (a)/2024** **തിരുവനന്തപുരം, തീയതി: 1/07/2024**

## പത്രക്കുറിപ്പ്

## പതിനാറ് പ്രോഗാമുകളിൽ നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് കാര്യവട്ടം കാമ്പസിൽ തുടങ്ങി

പതിനാറ് പ്രോഗ്രാമുകളിലായി നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദത്തിന് കാര്യവട്ടം കാമ്പസിൽ തുടക്കമായി. സംസ്ഥാനത്ത് പുതുതായി തുടങ്ങിയ ഓണേഴ്സ് ബിരുദ കോഴ്സുകളുടെ സംസ്ഥാനതല ഉദ്ഘാടനത്തിൽ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നടത്തിയ ഉദ്ഘാടന പ്രസംഗം ഓൺലൈനായി കേട്ടുകൊണ്ടാണ് കാമ്പസിലെ പ്രോഗ്രാമുകൾ തുടങ്ങിയത്. കാര്യവട്ടം ക്യാമ്പസ്സിലെ ഇ.എം.എസ്. ഹാളിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഇൻഡക്ഷൻ പ്രോഗ്രാമിൽ സംസ്ഥാന സർക്കാരിന്റെ ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് ഡയറക്ടർ ഹരികിഷോർ ഐ. എ. എസ്. തുടക്കം കുറിച്ചു. കാമ്പസിൽ ബിരുദ പഠനത്തിന് പ്രവേശനം ലഭിച്ച മുഴുവൻ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും പരിപാടിയിൽ പങ്കെടുത്തു. മാറുന്ന ലോകത്തിനനുസരിച്ച് വിജ്ഞാനമാർജ്ജിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി സ്വന്തം ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലാണ് അദ്ദേഹം സംസാരിച്ചത്. വിദ്യാർത്ഥികളുമായുള്ള സംവാദത്തിൽ കുട്ടികളുടെ ചോദ്യങ്ങൾക്ക് അദ്ദേഹം വിശദമായ മറുപടി നൽകുകയും ചെയ്തു. അഡ്മിഷൻ ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും കാമ്പസിലെ എം.എ/ എം.എസ്.സി വിദ്യാർത്ഥികൾ റോസാപ്പൂവ് നൽകിയാണ് സ്വീകരിച്ചത്. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ ജി.മുരളീധരൻ, ആർ.രാജേഷ്, പ്രൊഫ.കെ.ജി ഗോപ്ചന്ദ്രൻ, മുൻ സിൻഡിക്കേറ്റ് അംഗവും സെനറ്റ് മെമ്പറുമായ ഡോ. എസ്. നസീബ്, രജിസ്ട്രാർ പ്രൊഫ.കെ.എസ്. അനിൽകുമാർ, സെന്റർ ഡയറക്ടർ പ്രൊഫ. സാം സോളമൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. പി.എം.രാധാമണി, ഐ.ക്യു.എ.സി ഡയറക്ടർ പ്രൊഫ. ഇ. ഷാജി, ക്യാമ്പസ് ഡയറക്ടർ പ്രൊഫ.സി.എ ജോസുകുട്ടി, സി.എസ്.എസ് വൈസ് ചെയർമാൻ പ്രൊഫ.ആർ.ജയചന്ദ്രൻ, റിസർച്ച് ഡയറക്ടർ പ്രൊഫ.ആർ.ബി. ബിനോജ് കുമാർ, പബ്ലിക്കേഷൻ ഡയറക്ടർ ഡോ.ടി.കെ.സന്തോഷ്കുമാർ, സർവകലാശാല ഡീൻമാർ, വിവിധ വകുപ്പു മേധാവികൾ, പ്രൊഫസർമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. നാളെ രാവിലെ 10 മണിക്ക് പ്രമുഖ എഴുത്തുകാരി ഡോ.ഖദീജ മുംതാസ് വിദ്യാർത്ഥികളോട് സംവദിക്കും.

**(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)**

TKSanthoshkumar

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**